"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - എറണാകുളം ജില്ല - കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം, 2008 - ഭൂമിയുടെ സ്വഭാവവ്യതിയാനത്തിന് ഫീസ് ഇനത്തിൽ തെറ്റായ ശീർഷകത്തിൽ ഒടുക്കിയ തുക ക്വാളികെം റെമഡീസ് എൽഎൽപി എന്ന സ്ഥാപനത്തിന്റെ പാർട്ണർ ശ്രീ.ജോസ് തോമസ് പട്ടാരയ്ക്ക് തിരികെ നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1182/2026/RD തീയതി,തിരുവനന്തപുരം, 01-07-2026

---

പരാമർശം:-
1. എറണാകുളം ഡെപ്യൂട്ടി കളക്ടർ (ആർ ആർ) ന്റെ 19.03.2026 തീയതിയിലെ 1363/2026 നമ്പർ നടപടിക്രമം.
2. 21.03.2026 തീയതിയിൽ KL051794137202526E നമ്പർ ഇ-ചലാൻ.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 31.05.2026 തീയതിയിലെ LR/4369/2026-LR(A1) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ ഫോർട്ടുകൊച്ചി റവന്യൂ ഡിവിഷൻ പരിധിയിൽ ഉൾപ്പെടുന്ന കണയന്നൂർ താലൂക്ക്, മരട് വില്ലേജ്, ബ്ലോക്ക് 14-ൽ റീസർവ്വേ 36/4, 8-ൽ പെട്ട 44.98 ആർ വസ്തു തരം മാറ്റുന്നതിനായി ക്വാളികെം റെമഡീസ് എൽഎൽപി എന്ന സ്ഥാപനത്തിന്റെ പാർട്ണറായ ശ്രീ.കെ.എസ്. രവിശങ്കർ ഫോം 7 അപേക്ഷ സമർപ്പിക്കുകയും, അപേക്ഷാവസ്തുവിന്റെ സ്വഭാവവ്യതിയാനം വരുത്തുന്നതിലേക്ക് ഫീസ് ഈടാക്കുന്നതിന് പരാമർശം (1) പ്രകാരം നൽകിയ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ 31,03,164/- രൂപ 21.03.2026 തീയതിയിൽ ഒടുക്കു വരുത്തിയിരുന്നു.

2.എന്നാൽ തരംമാറ്റ ഫീസ് സ്വീകരിക്കുന്നതിനായുള്ള പ്രത്യേക എസ്.ബി. അക്കൗണ്ട് നമ്പരായ 799011400007571 എന്ന അക്കൗണ്ടിൽ ടി തുക ഒടുക്കുന്നതിന് പകരം ക്വാളികെം റെമഡീസ് എൽ.എൽ.പി. തെറ്റായി ഇ-ട്രഷറി വഴി 0029-00-800-92-00 (Other items) എന്ന ട്രഷറി ഹെഡ് ഓഫ് അക്കൗണ്ടിലാണ് 31,03,164/- രൂപയുടെ ഒടുക്കിയിട്ടുള്ളതെന്ന് സൂചന (2)-ന്റെ പകർപ്പ് സഹിതം എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. സൂചന (2) ഇ-ചലാൻ ജനറേറ്റ് ചെയ്തപ്പോൾ പണം അടച്ച ആളുടെ പേര് "QUALICHEM REMEDIES LLP K S RAVISHANKAR" എന്ന് സിസ്റ്റത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ടി കമ്പനിയുടെ എൽ.എൽ.പി. അമെൻഡ് മെന്റ് എഗ്രിമെന്റ് പ്രകാരം ശ്രീ.കെ.എസ്.രവിശങ്കർ വിരമിച്ച പങ്കാളിയാണെന്നും, നിലവിൽ കമ്പനിയുടെ നിയുക്ത പാർട്ണർ ശ്രീ.ജോസ് തോമസ് പട്ടാരയാണെന്നും ട്രഷറി ചട്ടങ്ങൾ പാലിച്ചുകൊണ്ട് തെറ്റായി ഒടുക്കിയ 31,03,164/- രൂപ ശ്രീ. ജോസ് തോമസ് പട്ടാരയുടെ പ്രസ്തുത ഫെഡറൽ ബാങ്ക് അക്കൗണ്ടിലേക്ക് റീഫണ്ട് ചെയ്ത്

നൽകാവുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3) കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 0029-00-800-92-00 Other items ശീർഷകത്തിൽ തെറ്റായി ഒടുക്കിയ 31,03,164/- രൂപ (മുപ്പത്തിയൊന്ന് ലക്ഷത്തി മൂവായിരത്തി ഒരുനൂറ്റി അറുപത്തിനാല് രൂപ മാത്രം) പ്രസ്തുത ശീർഷകത്തിൽ നിന്നുതന്നെ റീഫണ്ട് ചെയ്ത് ശരിയായ ശീർഷകങ്ങളിലേയ്ക്ക് ഒടുക്കുന്നതിനു അനുമതി ഉത്തരവാകുന്നു. അപ്രകാരം നടപടിക്രമം പാലിച്ചു കൊണ്ടു പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവ് സഹിതം ട്രഷറി ആപ്ലിക്കേഷനിലെ 'റീ-ഫണ്ടു മാസ്റ്ററിൽ' ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത തുക ഒടുക്കൽ സംബന്ധിച്ച വിശദാംശങ്ങൾ ട്രഷറിയിൽ സമർപ്പിക്കേണ്ടതും അതോടൊപ്പം BIMS കൈകാര്യം ചെയ്യുന്ന ഒരു അനുയോജ്യ ഡി.ഡി.ഒ. യെ പ്രസ്തുത റീ-ഫണ്ടു നടപടികൾ സ്വീകരിക്കുന്നതിനായി ചുമതലപ്പെടുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ. ജോസ് തോമസ് പട്ടാര, ക്വാളികെം റെമഡീസ് എൽഎൽപി, Cepha Block, First Floor, Sy No. 152/6 & 154/16, Dorasani Palya, Begur Hobli, Bannerghatta Road, Bengaluru - 560076
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം
3. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
4. ജില്ലാ കളക്ടർ, എറണാകുളം.
5. ഡെപ്യൂട്ടി കളക്ടർ (ആർ. ആർ), എറണാകുളം.
6. ധനകാര്യ (വ്യയം-ഡി) വകുപ്പ് (22.06.2026 തീയതിയിലെ 3525931/EXP-D1/303/2026-FIN)
7. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Jayalekshmi A C
Date: 01-07-2026 15:28:24
സെക്ഷൻ ഓഫീസർ